**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 994** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>മത്സ്യലഭ്യതയിലുണ്ടാകുന്ന കുറവ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. സി. അജയപ്രസാദ്

ശ്രീ. കെ. രാജൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ

(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** ലോകത്തെ ഏറ്റവും പ്രധാന മത്സ്യബന്ധന മേഖലയായ കേരളതീരത്ത് മത്സ്യലഭ്യതയിൽ പ്രതിവർഷം തുടർച്ചയായി കുറവ് സംഭവിക്കുന്ന സാഹചര്യം ശാസ്ത്രീയ പഠനങ്ങൾക്ക് വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

**<u>മറുപടി:</u>** ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ (ICAR) കീഴിലുള്ള സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CMFRI) ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം, കഴിഞ്ഞ വർഷങ്ങളിലെ കേരളതീരത്തെ സമുദ്ര മത്സ്യലാൻഡിങ്ങിന്റെ കണക്കുകൾ പരിശോധിക്കുമ്പോൾ, മൊത്തം മത്സ്യലഭ്യതയിൽ പ്രതിവർഷം തുടർച്ചയായ കുറവ് രേഖപ്പെടുത്തിയിട്ടില്ല. ലഭ്യതയിൽ വർഷംതോറും ഏറ്റക്കുറച്ചിലുകളാണ് കാണപ്പെടുന്നത്. ഗ്രാഫ് അനുബന്ധമായി ചേർക്കുന്നു.

ലഭ്യമായ കണക്കുകൾ പ്രകാരം, 2015 ൽ 4.82 ലക്ഷം ടണ്ണായിരുന്ന സമുദ്ര മത്സ്യ ഉൽപാദനം 2018 ൽ 6.42 ലക്ഷം ടണ്ണായി ഉയർന്നു. തുടർന്ന് ഏറ്റക്കുറച്ചിലുകൾ രേഖപ്പെടുത്തിയെങ്കിലും 2024 ൽ മത്സ്യ ഉൽപാദനം 6.10 ലക്ഷം ടണ്ണായിരുന്നു. സമുദ്ര മത്സ്യ ലഭ്യതയിലെ ഇത്തരം വ്യതിയാനങ്ങൾ ശാസ്ത്രീയ പഠനത്തിനും വിശകലനത്തിനും വിധേയമാക്കപ്പെടുന്നുണ്ട്.

**(ബി)** സമുദ്രമത്സ്യലഭ്യതയിൽ കുറവുണ്ടാകുന്നതിന് കാരണമായ ഏതെല്ലാം തരത്തിലുള്ള പ്രതികൂല സാഹചര്യങ്ങളാണ് കേരളം നേരിടുന്നതെന്ന് വിശദീകരിക്കുമോ;

**<u>മറുപടി:</u>** സമുദ്ര മത്സ്യലഭ്യതയിൽ പ്രതിവർഷം തുടർച്ചയായ കുറവ് രേഖപ്പെടുത്തിയിട്ടില്ലെങ്കിലും, മത്സ്യ ലഭ്യതയിലെ ഏറ്റക്കുറച്ചിലുകൾക്ക് കാരണമായേക്കാവുന്ന പ്രധാന ഘടകങ്ങളായി CMFRI വിലയിരുത്തിയിട്ടുള്ളത് താഴെപ്പറയുന്നവയാണ്.

1. കാലാവസ്ഥാ വ്യതിയാനങ്ങൾ.

2. സമുദ്ര ശാസ്ത്രപരമായ മാറ്റങ്ങൾ.

3. ചെറുമത്സ്യങ്ങളെയും പൂർണ്ണവളർച്ചയെത്താത്ത മത്സ്യങ്ങളെയും വിവേചന രഹിതമായി പിടിക്കുന്നത്.

4. നിർദ്ദിഷ്ട വലക്കണ്ണി വലിപ്പ നിയന്ത്രണങ്ങൾ പാലിക്കാതെയുള്ള മത്സ്യബന്ധനം.

5. മത്സ്യബന്ധന യാനങ്ങളുടെ അമിതശേഷിയും അമിത മത്സ്യബന്ധന സമ്മർദ്ദവും.

**(സി)** എൽനിനോ പോലെയുള്ള കാലാവസ്ഥാ പ്രതിഭാസങ്ങൾ ഏതെല്ലാം തരത്തിൽ മത്സ്യബന്ധന മേഖലയെ ബാധിക്കുന്നു എന്നത് സംബന്ധിച്ച സമഗ്ര പഠനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

**മറുപടി:** സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രസ്തുത വിഷയത്തിൽ പഠനം നടത്തുന്നുണ്ട്.

എൽനിനോ ഉൾപ്പെടെയുള്ള കാലാവസ്ഥാ പ്രതിഭാസങ്ങൾ സമുദ്രത്തിലെ ഭൗതിക-ജൈവ സാഹചര്യങ്ങളെയും അതുവഴി മത്സ്യങ്ങളുടെ വിതരണം, ദേശാടനം, പ്രജനനം, മത്സ്യലഭ്യത എന്നിവയെയും സ്വാധീനിക്കാനിടയുണ്ട്. പ്രസ്തുത വിഷയത്തിൽ ICAR-CMFRI നടത്തുന്ന ശാസ്ത്രീയ പഠനങ്ങളുടെ കണ്ടെത്തലുകൾ മത്സ്യബന്ധന മേഖലയിലെ പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിന് പ്രയോജനകരമാണ്.

സംസ്ഥാന ഫിഷറീസ് വകുപ്പ് ടി വിഷയത്തിൽ നിലവിൽ പഠനങ്ങൾ നടത്തുന്നില്ല.

**(ഡി)** സംസ്ഥാനത്ത് ലഭ്യമാകുന്ന കടൽമത്സ്യത്തിന്റെ 40 ശതമാനവും ലഭിക്കുന്ന ജൂലൈ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിലും മത്സ്യലഭ്യതയിലുണ്ടാകുന്ന കുറവുമൂലം മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധികൾ വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കുമോ?

**മറുപടി:** ICAR-CMFRI ലഭ്യമാക്കിയ കഴിഞ്ഞ പത്തുവർഷത്തെ കണക്കുകൾ പ്രകാരം, ജൂലൈ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിലെ മൊത്തം മത്സ്യലഭ്യതയിൽ തുടർച്ചയായ കുറവ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ, പരമ്പരാഗത യന്ത്രവൽകൃത (Motorised) മത്സ്യബന്ധന യാനങ്ങളുടെ വിഭാഗത്തിൽ 2024, 2025 വർഷങ്ങളിൽ മത്സ്യലഭ്യതയിൽ യഥാക്രമം, 13%, 21% കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാഫ് അനുബന്ധമായി ചേർക്കുന്നു.

സംസ്ഥാനത്ത് മത്സ്യലഭ്യതയിൽ ഗണ്യമായ പങ്കുള്ള കാലയളവിൽ മത്സ്യലഭ്യത കുറയുന്നത് മത്സ്യത്തൊഴിലാളികളുടെ വരുമാനം, ഉപജീവനം, മത്സ്യബന്ധനത്തിനുള്ള പ്രവർത്തനച്ചെലവ് എന്നിവയെ പ്രതികൂലമായി ബാധിക്കാനിടയുണ്ട്. പ്രത്യേകിച്ച്. മത്സ്യലഭ്യത കുറയുമ്പോഴും ഇന്ധനം, യാനങ്ങളുടെ പരിപാലനം, മറ്റ് പ്രവർത്തനച്ചെലവുകൾ എന്നിവയ്ക്കായി ചെലവഴിക്കേണ്ടിവരുന്നത് മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക പ്രതിസന്ധി വർദ്ധിപ്പിക്കാം.

സമുദ്ര മത്സ്യസമ്പത്തിന്റെ സംരക്ഷണവും, സുസ്ഥിര പരിപാലനവും ഉറപ്പാക്കുന്നതിനും മത്സ്യ ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ വിവിധ നടപടികളും പദ്ധതികളും നടപ്പിലാക്കിവരുന്നു. കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട് (KMFR Act) കാലോചിതമായി ഭേദഗതി ചെയ്യുകയും ബന്ധപ്പെട്ട ചട്ടങ്ങൾ രൂപീകരിച്ച് നടപ്പിലാക്കുകയും ചെയ്തിട്ടുള്ളത് അനധികൃതവും അശാസ്ത്രീയവുമായ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനും മത്സ്യസമ്പത്തിന്റെ സുസ്ഥിരത ഉറപ്പാക്കുന്നതിനും സഹായകരമാണ്.

കടൽ മത്സ്യവിഭവങ്ങളുടെ സംരക്ഷണം, പരിപാലനം, മത്സ്യ ഉല്പാദന പ്രോത്സാഹനം എന്നിവ ലക്ഷ്യമിട്ട് ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

**1. സമുദ്ര മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും പദ്ധതി** (Conservation and Management of Marine Fisheries).

**2. കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള സംസ്ഥാനത്തിന്റെ സുസ്ഥിര മത്സ്യബന്ധന വികസനവും ഉപജീവന മാർഗ്ഗങ്ങളുടെ പ്രോത്സാഹനവും ലക്ഷ്യമിടുന്ന പദ്ധതി.**

3. **സീറാഞ്ചിംഗ് പദ്ധതി** - കൃത്രിമ പാരുകൾ ഉൾപ്പെടെയുള്ള അനുയോജ്യമായ മേഖലകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി.

4. **സീ കേജ് പദ്ധതി** - കൂടുകളിലെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതി.

മേൽപറഞ്ഞ പദ്ധതികളിലൂടെ സമുദ്ര മത്സ്യവിഭവങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും മത്സ്യ ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനും സഹായകരമായ ഇടപെടലുകൾ നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**

<u>**അനുബന്ധം**</u>


800000
700000
600000
500000
400000
300000
200000
100000
0
2016
2017
2018
2019
2020
2021
2022
2023
2024
2025